# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1040 06.06.2018 ലെ മറുപടി

### തലശ്ശേരിയിലെ ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ്

**ചോദ്യം**

ശ്രീ. എ.എൻ.ഷംസീർ:

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(എ) 2017 -18 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ചൃക്കിളി (ചൊക്ലി) പഞ്ചായത്തിലെ ആർ.സി.ബി നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിക്ക് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഉടമ്പടി വെച്ചിട്ടുണ്ട്.

(ബി) ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി പ്രവൃത്തിയുടെ ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്

സെക്ഷൻ ഓഫീസർ